'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 3732

11.11.2019 ൽ മറുപടിയ്ക്ക്

## പരസ്യ ഹോർഡിങ്ങുകൾക്കുള്ള ചെലവ്

| ചോദ്യം<br>ശ്രീ.കെ എൻ എ ഖാദർ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | സർക്കാരിന്റെ ഭരണ നേട്ടങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി സ്ഥിരം പരസ്യ ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിനായി വരുന്ന ചെലവെത്ര; ജില്ലാടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ഹോർഡിങ്ങുകളുടെ എണ്ണവും ചെലവും അറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളുടെയും പരിപാടികളുടെയും പ്രചാരണാർത്ഥം പരസ്യം ചെയ്യുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഹോർഡിംഗുകളുടെ എണ്ണവും ചെലവും ചുവടെ ചേർക്കുന്നു. |

| ജില്ല | ഹോർഡിംഗുകളുടെ എണ്ണം | ഹോർഡിംഗ് നിർമ്മാണ ചെലവ് (എല്ലാ ചെലവുകളും നികുതിയും ഉൾപ്പെടെ) രൂപ |
|---|---|---|
| തലസ്ഥാനം | | |
| തിരുവനന്തപുരം | 12 | 1,12,82,853/- |
| മലബാർ മേഖല | | |
| തൃശ്ശൂർ | 12 | 1,12,97,138/- |
| മലപ്പുറം | 6 | 52,76,201/- |
| കോഴിക്കോട് | 14 | 1,19,14,187/- |
| കണ്ണൂർ | 11 | 1,26,03,902/- |
| ആകെ | 55 | 5,23,74,281/- |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഹോർഡിംഗ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള ലൊക്കേഷനുകളുടെ ഉടമസ്ഥാവകാശമുള്ള സർക്കാർ വകുപ്പ്/സ്ഥാപന മേധാവികളിൽ നിന്ന് അനുമതിപത്രം ലഭ്യമാക്കുന്നതിനും അനുമതിപത്രം ഇതിനകം ലഭ്യമായ സ്ഥലങ്ങളിൽ ഹോർഡിംഗ് സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കഴിഞ്ഞ രണ്ടു പ്രളയങ്ങളെത്തുടർന്ന് സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട സംസ്ഥാനത്ത് ഇത്തരം അധികചെലവ് നിയന്ത്രിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് തുക വിനിയോഗിക്കുന്നത് എന്നതിനാൽ അധിക ചെലവ് വരുന്നില്ല. |

സെക്ഷൻ ഓഫീസർ